**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3497** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാമ്പ് ഡ്യൂട്ടി - രജിസ്ട്രേഷൻ ഇനങ്ങളിലെ വരുമാന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | 2023-24 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ന്യായവില വർദ്ധനവിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ എന്തു വരുമാനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2023-24 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ന്യായവില വർദ്ധനവിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു. |

| **സാമ്പത്തിക വർഷം** | **മുദ്രവില (രൂപ കോടിയിൽ)** | **രജി.ഫീസ് (രൂപ കോടിയിൽ)** | **ആകെ (രൂപ കോടിയിൽ)** |
|---|---|---|---|
| 2023-24 | 3819.8753 | 1399.4642 | 5219.3395 |
| 2024-25 (മെയ് 31വരെ) | 618.3514 | 224.6800 | 843.0314 |
| **Total** | **4438.2267** | **1624.1442** | **6062.3709** |

| | | | |
|---|---|---|---|
| (ബി) | ഇക്കാലയളവിൽ പ്രസ്തുത ഇനങ്ങളിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുക എത്രയാണെന്നു വ്യക്തമാക്കുമോ; | (ബി) | ഇക്കാലയളവിൽ പ്രസ്തുത ഇനങ്ങളിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുക ചുവടെ ചേർക്കുന്നു. |

| **സാമ്പത്തിക വർഷം** | **ലക്ഷ്യമിട്ട തുക മുദ്രവില (രൂപ കോടിയിൽ)** | **ലക്ഷ്യമിട്ട തുക രജി.ഫീസ് (രൂപ കോടിയിൽ)** | **ആകെ ലക്ഷ്യമിട്ട തുക (രൂപ കോടിയിൽ)** |
|---|---|---|---|
| 2023-24 | 4536.9708 | 1335.4799 | 5872.4507 |
| 2024-25 (മെയ് 31വരെ) | 659.5823 | 222.2422 | 881.8245 |
| **Total** | **5196.5531** | **1557.7221** | **6754.2752** |

| | | | |
|---|---|---|---|
| (സി) | ഭൂമിയുടെ ന്യായവില ഇരുപതു ശതമാനം വർദ്ധിപ്പിച്ചതിന് ആനുപാതികമായി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ | (സി) | 2023-2024 വർഷത്തിൽ ഉണ്ടാകാവുന്ന ന്യായവില വർദ്ധനവ് മുന്നിൽക്കണ്ടതിനാൽ 2022-23 വർഷത്തിൽ അവസാനമാസങ്ങളിൽ ആധാര രജിസ്ട്രേഷനുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുകയും റവന്യൂ വരുമാനത്തിൽ വർദ്ധനവ് വരുകയും തത്ഫലമായി 2023-2024 വർഷത്തിൽ ആധാര രജിസ്ട്രേഷനുകളുടെ എണ്ണത്തിൽ കുറവ് വരുകയും ചെയ്തിട്ടുണ്ട്. 2023 ഏപ്രിൽ, |

<table>
<tr>
<td></td>
<td>ഇനങ്ങളിൽ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ?</td>
<td></td>
<td>മേയ് മാസങ്ങളിലെ വിലയാധാരങ്ങളുടെ എണ്ണവും 2024 എപ്രിൽ, മേയ് മാസങ്ങളിലെ വിലയാധാരങ്ങളുടെ എണ്ണവും സംബന്ധിച്ചുള്ള കണക്ക് പരിശോധിച്ചതിൽ വിലയാധാരങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നില്ല. ന്യായവില കൂടുതലായും ബാധകമാകുന്നത് വിലയാധാരങ്ങൾക്കാണ്. ടി കണക്ക് ചുവടെ ചേർക്കുന്നു.
<table>
<tr><th>കാലയളവ്</th><th>ആധാരത്തിന്റെ എണ്ണം</th><th>റവന്യൂ വരുമാനം</th></tr>
<tr><td>01/04/2023 മുതൽ 31/05/2023 വരെ</td><td>62,428</td><td>601 കോടി രൂപ</td></tr>
<tr><td>01/04/2024 മുതൽ 31/05/2024 വരെ</td><td>67,211</td><td>722 കോടി രൂപ</td></tr>
</table>
ആയതിനാൽ 01.04.2023 തീയതി മുതൽ ഭൂമിയുടെ ന്യായവില 20% വർദ്ധിപ്പിച്ചതിൽ വരുമാനത്തിൽ വർദ്ധനവുണ്ടായതായി കാണുന്നു. ന്യായവിലയിൽ വന്നിട്ടുള്ള വർദ്ധനവിലൂടെ സർക്കാർ ഖജനാവിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലും, രജിസ്ട്രേഷൻ ഫീസിനത്തിലും ടി വർദ്ധനയ്ക്ക് ആനുപാതികമായി വരുമാനം ലഭിച്ചിട്ടുള്ളതാണ്. മേൽ വിവരിച്ച കണക്കുകളിൽനിന്നും നടപ്പുവർഷത്തിൽ ആധാര രജിസ്ട്രേഷനുകളുടെ എണ്ണത്തിലും, വരുമാനത്തിലും വർദ്ധനവ് ഉണ്ടാകുന്നതായി കാണാവുന്നതാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ